**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1673** **08-12-2022 - ൽ മറുപടിയ്ക്ക്**

**ഭൂസംബന്ധമായ സേവനങ്ങൾക്കായി ഏകജാലക ഓൺലൈൻ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വിവിധ വകുപ്പുകളുടെ ഭൂസംബന്ധമായ സേവനങ്ങൾ സംയോജിപ്പിച്ച് ഏകജാലക ഓൺലൈൻ സംവിധാനത്തിലൂടെ ജനങ്ങളിൽ എത്തിക്കുന്നതിന് ഡിജിറ്റൽ റീസർവെ നടപടികൾ പൂർത്തിയാക്കുന്നതിലൂടെ സാധ്യമാകുമോയെന്ന് വിശദമാക്കുമോ; | (എ) | ഭൂസംബന്ധമായ സേവനങ്ങൾ ഓൺലൈൻ ആയി ഇ-ഗവർണൻസ് പ്ലാറ്റ്ഫോമിലൂടെ പൊതുജനങ്ങൾക്ക് നൽകുന്നതിന് റവന്യൂ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ReLIS (Revenue Land Information System). റവന്യൂ വകുപ്പിന്റെ റെലിസ് സംവിധാനം സർവ്വേ വകുപ്പിന്റെയും രജിസ്ട്രേഷൻ വകുപ്പിന്റെയും ഓൺലൈൻ സംവിധാനങ്ങളുമായി സംയോജിപ്പിച്ച് ഒരു Single Window Portal (ഏക ജാലക ഓൺലൈൻ സംവിധാനം) പദ്ധതി രൂപീകരിക്കുന്ന പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി നടന്നുവരികയാണ്. ടി പദ്ധതിയുടെ ആദ്യ ഘട്ടമായി റവന്യൂ വകുപ്പിന്റെയും രജിസ്ട്രേഷൻ വകുപ്പിന്റെയും ഭൂമി സംബന്ധമായ ഓൺലൈൻ സംവിധാനങ്ങൾ തമ്മിൽ നിലവിൽ ബന്ധിപ്പിച്ചിട്ടുള്ളതാണ്. രജിസ്ട്രേഷൻ സംവിധാനം മുഖാന്തിരം ഭൂരിജസ്ട്രേഷൻ നടന്നു കഴിഞ്ഞാൽ ടി രജിസ്ട്രേഷൻ വിവരങ്ങൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസിലേക്ക് എത്തുകയും, ഓൺലൈൻ ആയി പോക്കുവരവ് ചെയ്യുവാൻ സാധിക്കുന്നതുമാണ്. ഡിജിറ്റൽ സർവ്വേ പൂർത്തിയാകുന്ന മുറയ്ക്ക് സർവ്വേ വിവരങ്ങൾ കൂടി സംയോജിപ്പിച്ച് ഏക ജാലക സംവിധാനം രൂപീകരിക്കുവാൻ സാധിക്കുന്നതാണ്.അപ്രകാരം ഭൂരേഖകൾ എല്ലാം ഐ.റ്റി അധിഷ്ഠിതമായ സേവനമായി രൂപാന്തരപ്പെടുത്തുന്നതിലൂടെ സംസ്ഥാനത്തിന്റെ വികസന കുതിപ്പുകൾക്കു വിപ്ലവകരമായ രീതിയിൽ ആക്കം കൂട്ടാൻ സാധ്യമാകുന്നതാണ് . |
| (ബി) | ഇതിനായി പ്രത്യേക പോർട്ടൽ തയ്യാറാക്കിയിട്ടുണ്ടോ; ഭൂ സംബന്ധമായ ക്രയവിക്രയങ്ങൾ പൂർണ്ണമായും സുതാര്യമാക്കാൻ | (ബി) | ഡിജിറ്റൽ സർവ്വെ പദ്ധതിയുടെ ആരംഭം മുതൽ അവസാനം വരെയുള്ള എല്ലാ നടപടികളും ഏറ്റവും സുതാര്യമാക്കുന്നതിന്റെ ഭാഗമായി പദ്ധതിയുമായി |

| | | | |
|---|---|---|---|
| | പ്രസ്തുത സംവിധാനം മുഖേന കഴിയുമോ; വിശദാംശം നൽകുമോ; | | ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പൊതു ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് ' എന്റെ ഭൂമി' എന്ന ഓൺലൈൻ പോർട്ടൽ സജ്ജീകരിച്ചിട്ടുണ്ട്. സർവ്വെ സംബന്ധിച്ച എല്ലാ വിവരങ്ങളും ഈ പോർട്ടൽ മുഖേന അറിയാൻ സാധിക്കുന്നതാണ്. ഡിജിറ്റൽ സർവ്വെ നടപടികൾ പൂർത്തിയാകുന്ന വില്ലേജുകളിൽ സർവ്വെ, റവന്യൂ രജിസ്ട്രേഷൻ വകുപ്പുകളിലെ സേവനങ്ങൾ ഒരു ഏകജാലക ഓൺലൈൻ സംവിധാനത്തിലൂടെ ജനങ്ങളിൽ എത്തിക്കുന്നതിനുള്ള സംവിധാനം NIC മുഖേന തയ്യാറാക്കി വരുന്നു. |
| (സി) | ഭൂമിയുടെ ഉടമസ്ഥതയും കൃത്യതയോടെയുള്ള അളവും ഡിജിറ്റൽ സർവെയിലൂടെ ലഭ്യമാക്കുന്നതിന് ഭൂവുടമകളുടെ പങ്കാളിത്തവും സഹകരണവും ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഭൂവുടമസ്ഥരുടെ സാന്നിധ്യത്തിൽ സർവെ നടത്തുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ഡിജിറ്റൽ സർവ്വെ പദ്ധതി പൂർണ്ണമായും പൊതു ജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സർവ്വെ ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്ന വിവരങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കുക, അതിർത്തികളിലെ കാടുകൾ തെളിച്ച് സർവ്വെ ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക, അതിർത്തികളിൽ വ്യക്തമായ അടയാളങ്ങൾ ഇല്ലാത്ത പക്ഷം സർവ്വെ തീയതിക്ക് മുമ്പ് തന്നെ അവ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക, സർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ പ്രദർശിപ്പിക്കുന്ന അവസരത്തിലും സർവ്വെ കാലയളവിലും റിക്കാർഡുകൾ പരിശോധിച്ച് തെറ്റില്ലെന്ന് ഉറപ്പ് വരുത്തുക തുടങ്ങിയ നടപടികളാണ് പ്രധാനമായും ജനങ്ങളിൽ നിന്ന് പ്രതീക്ഷിക്കുന്നത്.<br><br>ഭൂസംബന്ധമായ മതിയായ വിവരങ്ങളും സഹകരണവും യഥാവിധി ലഭ്യമായാൽ മാത്രമേ ഭൂരേഖകൾ കുറ്റമറ്റതും കൃത്യവുമായി തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ഇത്തരം കാര്യങ്ങൾ നേരിട്ട് ഓരോ വസ്തു ഉടമസ്ഥനെയും ബോധവൽക്കരിക്കുന്നതിന് ആദ്യ ഘട്ടത്തിൽ സർവ്വെ ചെയ്യാൻ തിരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമ സഭകളായി വാർഡു തലങ്ങളിൽ സർവ്വെ സഭകൾ കൂടി ഭൂവുടമസ്ഥർക്ക് കാര്യങ്ങൾ വിശദീകരിച്ച് നൽകിവരുന്നു.<br><br>സുഗമമായ സർവ്വെ പ്രവർത്തനത്തിന് ഭൂവുടമസ്ഥരുടെയോ അവർ ചുമതലപ്പെടുത്തുന്ന ആളിന്റെയോ സാന്നിദ്ധ്യം ആവശ്യമാണ്. ആയതിനാൽ ഒരു പ്രദേശത്ത് സർവ്വെ ചെയ്യുന്ന വിവരം മുൻകൂർ അറിയിച്ചായിരിക്കും പ്രസ്തുത സർവ്വെ നടത്തുന്നത്. |

സെക്ഷൻ ഓഫീസർ